## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4859** **01.07.2013 ൽ മറുപടിയ്ക്ക്**

**നദീജലകരാറുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) സംസ്ഥാനം ഏതെല്ലാം നദീജല കരാറുകളിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിന് തമിഴ്നാടുമായി മൂന്നു കരാറുകൾ നിലവിലുണ്ട്. അവ 29.05.1970-ൽ കേരളവും തമിഴ്നാടുമായി 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (PAP) കരാർ 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള കരാർ, 1886-ൽ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് മദ്രാസും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണ്. |
| (ബി) പ്രസ്തുത കരാറുകളുടെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട ജലം പൂർണ്ണമായ തോതിൽ നേടിയെടുക്കാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പി.എ.പി കരാർ പ്രകാരമാണ് കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്നത്. 1970 മുതൽ കൊടിയ വരൾച്ചയുണ്ടായ ചില വർഷങ്ങളിലൊഴികെ പി.എ.പി കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിച്ചുവരുന്നുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള ജലവും, പ്രോജക്ട് കമ്മീഷൻ ചെയ്തതു മുതൽ കേരളത്തിന് ലഭിക്കുന്നുണ്ട്. നടപ്പു ജല വർഷത്തിൽ (2012-13) പി.എ.പി. കരാർ പ്രകാരമുള്ള ജലം പൂർണ്ണമായും ലഭിച്ചിട്ടില്ല. |

(സി) എങ്കിൽ ഓരോ കരാർ പ്രകാരവും ലഭിച്ച ജലത്തിന്റെ അളവും യഥാർത്ഥത്തിൽ ലഭിക്കേണ്ട ജലത്തിന്റെ അളവും തമ്മിലുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ഉണ്ട്. 1970 മുതൽ കൊടിയ വരൾച്ചയുണ്ടായ ചില വർഷങ്ങളൊഴികെ പി.എ.പി കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിച്ചു വരുന്നുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള ജലവും പ്രോജക്ട് കമ്മീഷൻ ചെയ്തതു മുതൽ കേരളത്തിന് ലഭിക്കുന്നുണ്ട്. നടപ്പു ജലവർഷ (2012-13)ത്തിൽ പി.എ.പി കരാർ പ്രകാരമുള്ള ജലം പൂർണ്ണമായും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ